Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

04.07.2026

# ജൂബിലിയിൽ ഫോക്കസ്–2026–ന് പ്രൗഢ തുടക്കം

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി വിഭാഗവും തൃശ്ശൂർ ഒ ആന്റ് ജി സൊസൈറ്റിയും സംയുക്തമായി സംഘടിപ്പിക്കുന്ന ഫോക്കസ് പി.ജി. ബിരുദാനന്തരബിരുദ പരിശീലനപരിപാടിക്ക് പ്രൗഢമായ തുടക്കമായി. യൂണിവേഴ്സിറ്റി പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഒ.ബി.ജി.യിലെ പി.ജി. വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന അഞ്ചു ദിവസത്തെ തീവ്ര പരിശീലന പരിപാടിയാണിത്.

ജില്ലാ കളക്ടർ ശിഖ സുരേന്ദ്രൻ ഐ.എ.എസ്. ഭദ്രദീപം തെളിയിച്ച് പരിപാടി ഉദ്ഘാടനം ചെയ്തു. പരീക്ഷാ സമ്മർദ്ദത്തെ ആത്മവിശ്വാസമാക്കി മാറ്റുവാനും സമൂഹത്തിൽ മികച്ച ഡോക്ടർമാരായി വളരാനും വിദ്യാർത്ഥികൾ പരിശ്രമിക്കണമെന്ന് അവർ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പാൾ ഡോ. ആൻഡ്രൂസ് എം. എ. അധ്യക്ഷനായി. പി.ജി. വിദ്യാർത്ഥികളുടെ ക്ലിനിക്കൽ, അക്കാദമിക് മികവുകൾ വർദ്ധിപ്പിക്കുവാൻ ഇത്തരം പരിശീലന പരിപാടികൾക്ക് നിർണ്ണായക പങ്കുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മുഖ്യാതിഥിയായ നടിയും സൈക്കോളജിസ്റ്റും മോട്ടിവേഷണൽ സ്പീക്കറുമായ ലെന കുമാർ പരീക്ഷാകാലത്തെ മാനസിക സമ്മർദ്ദം ഫലപ്രദമായി കൈകാര്യം ചെയ്യേണ്ടതിനെക്കുറിച്ച് പ്രചോദനാത്മക സന്ദേശം നൽകി.

ഗൈനക്കോളജി വിഭാഗം മേധാവി ഡോ. ബിന്ദു മേനോൻ സ്വാഗതം ആശംസിച്ചു. പരിശീലന പരിപാടിയുടെ ലക്ഷ്യവും അക്കാദമിക് ഘടനയും അവർ വിശദീകരിച്ചു. ജൂബിലി മിഷൻ സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ ജില്ലാ കളക്റ്റർക്ക് മൊമെന്റോ നൽകി ആദരിച്ചു. പ്രൊഫസർ എമെറിറ്റസും സീനിയർ കൺസൾട്ടന്റുമായ ഡോ. സറീന ഗിൽവാസ് മുഖ്യാതിഥി ലെന കുമാറിനെ ആദരിച്ചു. ഫോക്കസ് പി.ജി എന്ന ആശയത്തിന്റെ മുഖ്യ ശിൽപിയാണ് ഡോ. സറീന ഗിൽവാസ്.

മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ തൃശ്ശൂർ ഒ ആന്റ് ജി സൊസൈറ്റി പ്രസിഡണ്ട് ഡോ. നീത ജോർജ്ജ് ജൂബിലി മിഷൻ ആശുപത്രിയുടെ അസി. ഡയറക്ടർ ഫാ. സിന്റോ കാരേപറമ്പൻ എന്നിവർ ആശംസകൾ അർപ്പിച്ചു. ജൂബിലിയുടെ ഗൈനക്കോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. ലോല രാമചന്ദ്രൻ നന്ദി രേഖപ്പെടുത്തി.